# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3631

## 23.08.2017 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട് പദ്ധതി പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് പദ്ധതിയുടെ പുതിയ മാർഗ്ഗനിർദ്ദേശപ്രകാരം 2017-18 മുതലുള്ളതും ഒരു കോടി രൂപ ചെലവുള്ള 2017-18 മുതലുള്ളതുമയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് എന്ത് സംവിധാനമാണ് കളക്ടേറ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | 2017-18 സാമ്പത്തിക വർഷം മുതൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ) നം.86/2017/ധന. തീയതി 04.07.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ശുപാർശകൾ എം.എൽ.എ.മാർ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശുപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാ തലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. നിലവിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആസ്തി വികസന പദ്ധതിയ്ക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ് വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ FO മാരുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28.07.2017 ന് വിളിച്ചു ചേർക്കുകയുണ്ടായി. തുടർ പരിശീലനത്തിന് NIC യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ട് പദ്ധതികളുടെ നടത്തിപ്പ് നിലവിൽ ജില്ലകളിലെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മുഖേനയാണ് നടത്തുന്നത്; ADF പദ്ധതികളുടെ ചുമതലയും പ്രസ്തുത ഓഫീസ് മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | നടപടി സ്വീകരിച്ചു വരുന്നു. |

Slathal

**സെക്ഷൻ ഓഫീസർ**